പരിചകളി എന്നീ കലകൾക്ക് പലതവണ അവതരണാവസരങ്ങൾ നൽകുകയും അവയുടെ പ്രാമാണ്യവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചില കലകൾക്ക് കളരികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള സംഗീത നാടക അക്കാദമി, കേന്ദ്ര സംഗീത നാടക അക്കാദമിയുമായി യോജിച്ച് പ്രാചീന കലകളുടെ പ്രോൽസാഹനാർത്ഥം നാടൻ കലോൽസവങ്ങൾ സംഘടിപ്പിക്കാറുണ്ട്. 1981-ൽ തൊടുപുഴ വച്ചും 1984-ൽ പറവൂരിലും പാലക്കാടും വച്ച് ഇത്തരം കലോൽസവങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ തെയ്യം, കുമ്മാട്ടി, പടയണി, പൂരക്കളി, തിടമ്പുനൃത്തം, കമ്പുമുട്ടിക്കൊട്ട് തുടങ്ങിയ നാടൻ കലാരൂപങ്ങൾ ഫിലിം ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

(സി) മാപ്പിള കലകളുടെ പ്രോൽസാഹനാർത്ഥം കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ പാലക്കാട്ടുവച്ചു നടന്ന സംഗീതോൽസവത്തിൽ മാപ്പിളപ്പാട്ടുകളും, കൊച്ചിയിൽവച്ച് നടന്ന മാപ്പിള കലോൽസവത്തിൽ മാപ്പിളപ്പാട്ടുകൾ, ഒപ്പന, കമ്പുമുട്ടിക്കൊട്ട് തുടങ്ങിയ കലാരൂപങ്ങളും അവതരിപ്പിക്കുകയുണ്ടായി. മാപ്പിള കലകളോ മറ്റു നാടൻ കലകളോ പഠിപ്പിക്കുവാൻവേണ്ട നടപടി സ്വീകരിക്കുവാൻ വിഷമമാണ്.

മദ്യഷാപ്പുകൾ

535. [738] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ദേവാലയങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും നിയമം അനുശാസിക്കുന്ന അകലത്തിന് അയവു വരുത്തി, എക്സംപ്ഷൻ കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പൂർണ്ണമായും നിറുത്തലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സംപ്ഷൻ നൽകുന്നതിന് റവന്യൂ ബോർഡിനു നൽകിയിരുന്ന അധികാരം 1-4-1986 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

പീരുമേട് താലൂക്കിലെ വ്യാജമദ്യ ഷാപ്പുകൾ

536. [739] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ വ്യാജമദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കുമളിയിൽ സർക്കാർ ഉടമയിൽ ഒരു വിദേശ മദ്യഷാപ്പു തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൻമേൽ മദ്ധ്യമേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറെക്കൊണ്ട് അന്വേഷണം നടത്തുകയും നിയമം ലംഘിച്ചവർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly